# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 144 — 08.06.2015-ൽ മറുപടിക്ക്

## തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ വികസിപ്പിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിന്റെ ആരംഭവും വികസന പരിണാമഘട്ടങ്ങളും വിശദമാക്കാമോ ? | (എ) | കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭ്യമായി പൂർത്തീകരിച്ചതനുസരിച്ച് തോട്ടപ്പള്ളിയിൽ ഫിഷ്ലാന്റിംഗ് സെന്റർ പ്രവൃത്തിച്ചു വരികയായിരുന്നു. ഈ ഫിഷ്ലാന്റിംഗ് സെന്റർ ഒരു ഫിഷിംഗ് ഹാർബറായി ഉയർത്തണമെന്ന് ജനപ്രതിനിധികളും മത്സ്യ തൊഴിലാളികളും മറ്റ് സംഘടനകളും ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഗവേഷണ പഠനങ്ങളും, മാതൃകാപഠനം എന്നിവ പൂർത്തിയാക്കി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചതനുസരിച്ച് 50% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-ൽ ഭരണാനുമതി ലഭിച്ചതനുസരിച്ച് ഇപ്പോൾ നിലവിലുള്ള ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം 2005 ൽ ആരംഭിക്കുകയും 2011 ഫെബ്രുവരിയിൽ 1749.54 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുകയുമുണ്ടായി. മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി എൻ.എഫ്.ഡി.ബി. ധന സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 138 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ 50% കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തി പുരോഗമിച്ചു വരുന്നു. ഈ ഹാർബറിന്റെ വിപുലീകരണത്തിനായി ഒരു രണ്ടാംഘട്ട നിർമ്മാണം ഉദ്ദേശിക്കുന്നുണ്ട്. ഇതിന് വേണ്ട മോഡൽ സ്റ്റഡീസ് നടത്തുന്നതിനുവേണ്ടി CWPRS പൂനെ എന്ന സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും മാതൃകാപഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. മാതൃകാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എൻജിനീയറിംഗ് വകുപ്പ് തയ്യാറാക്കി വരികയാണ്. ഇത് ലഭിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട വികസനം ആരംഭിക്കുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | തുറമുഖത്തിന്റെ രൂപകൽപ്പനയിലും നിർമ്മാണത്തിലും അപാകതയു ണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ? ഇതിന്റെ യഥാർത്ഥ വസ്തുത വ്യക്തമാക്കാമോ ? | (ബി) | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ടുകൾ പൂർത്തിയാക്കി 3 വർഷത്തോളം ഈ ഹാർബർ പ്രവർത്തനക്ഷമമായിരുന്നു. തുടർന്ന് നീരൊഴുക്ക് കുറവായതിനാൽ തോട്ടപ്പള്ളി സ്പിൽവേ അടയുകയും, സ്പിൽവേ മുതൽ വലിയ ഒരു കരഭാഗം രൂപപ്പെട്ട് ഈ മണൽ തോട്ടപ്പള്ളി ഹാർബറിന്റെ തെക്കേ പുലിമുട്ട് വരെ എത്തിച്ചേർന്ന് ഹാർബറിന്റെ പ്രവേശന കവാടത്തിൽ കൂടി അകത്തേയ്ക്ക് പ്രവേശിക്കുകയും ഹാർബറിന്റെ സുഗമമായ പ്രവർത്തനത്തിനെ ബാധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഏതു സാമ്പത്തിക വർഷമാണ് ഈ തുറമുഖം രൂപകൽപ്പന ചെയ്തത് : ഏത് സാമ്പത്തിക വർഷമാണ് നിർമ്മാണം ആരംഭിച്ചത് : ഏത് അധി കാരിയാണ് തറക്കല്ലിട്ടത് : ആരായി രുന്നു അദ്ധ്യക്ഷൻ : അന്നത്തെ വകുപ്പ് മന്ത്രി ആരായിരുന്നു : വ്യക്തമാ ക്കാമോ ; | (സി) | 1. തുറമുഖം രൂപകൽപ്പന ചെയ്തത് 2002 ലാണ്.<br>2. തുറമുഖത്തിന്റെ നിർമ്മാണം ആരംഭിച്ചത് 2004-05 സാമ്പത്തിക വർഷമാണ്.<br>3. ഹാർബറിന്റെ തറക്കല്ലിട്ടത് അന്നത്തെ ബഹു: മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്.<br>4. അദ്ധ്യക്ഷ സ്ഥാനം വഹിച്ചത് അന്നത്തെ ബഹു: മന്ത്രി ഡൊമനിക് പ്രെസന്റേഷനാണ്.<br>5. അന്നത്തെ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രീ. ഡൊമനിക് പ്രെസന്റേഷനായിരുന്നു. |
| (ഡി) | 2006-2011 ലെ സർക്കാരിന്റെ കാലത്ത് ഈ തുറമുഖത്തിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നട ത്തിയത് ? നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഇതു വരെ എത്ര രൂപ ചെല വായി വ്യക്തമാക്കാമോ ? | (ഡി) | 2004-ൽ ഭരണാനുമതി ലഭ്യമായതനുസരിച്ച് ടി പദ്ധതിയിലെ പ്രധാന ഘടകങ്ങളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് 2005-ൽ ആരംഭിക്കുകയും ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം 2008 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഘടകങ്ങളായ ലേലപ്പുര, വാർഫ്, വാട്ടർ ടാങ്ക്, ടോയ്‌ലറ്റ് ബ്ലോക്ക്, ശുദ്ധജല വിതരണവും വൈദ്യുതീകരണവും, പാർക്കിംഗ് ഏരിയ എന്നിവയുടെ നിർമ്മാണം തുടർന്ന് പൂർ ത്തീകരിക്കുകയും 2011 ഫെബ്രുവരിയിൽ ഹാർബർ കമ്മീഷൻ ചെയ്യുകയുമുണ്ടായി. ഇതിലേയ്ക്കായി 1749.54 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |
| ഇ. | തുറമുഖത്തോട് ചേർന്ന് കടലിൽ വല തുഭാഗത്ത് കുറച്ചുകൂടി വലിയ ഒരു വാർഫും അനുബന്ധ സ്ഥാപന ങ്ങളും നിർമ്മിക്കാൻ കേന്ദ്ര സർക്കാ രിന്റെ അംഗീകാരത്തിനായി എന്തെ ങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടു ണ്ടോ? എന്നാണ് സമർപ്പിച്ചത് ? ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് വിശദ മാക്കാമോ ? | ഇ. | തോട്ടപ്പള്ളി ഹാർബറിനോട് ചേർന്ന് ബ്രേക്ക് വാട്ടർ നിർമ്മിച്ച് ബേസിൻ ഏരിയ വിപുലപ്പെടുത്തുവാൻ പദ്ധതി തയ്യാറാക്കി വരുന്നു. ഇത് സംബന്ധിച്ച മാതൃകാ പഠനം പൂനെയിലെ CWPRS എന്ന സർക്കാർ സ്ഥാപനം മുഖേന നടത്തുകയും അതിന്റെ പഠന റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| എഫ്. | (1) തുറമുഖം ഉദ്ഘാടനം ചെയ്ത ശേഷം 2011 മെയ് വരെ എത്ര ടൺ മത്സ്യം തുറമുഖം വഴി കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ ; 2011 മെയ് മാസത്തിന് ശേഷം എത്ര ടൺ മത്സ്യം തുറമുഖം വഴി കയറ്റുമതി ചെയ്തു എന്ന് വ്യക്തമാക്കാമോ ; 2011 മെയ് ക്ക് ശേഷം തുറമുഖം പലതവണ മണ്ണടിഞ്ഞ്. അടഞ്ഞുകിടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ? മണൽ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് ; മണൽ അടിയുന്നത് ശാശ്വതമായി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? വ്യക്തമാക്കാമോ | എഫ് | (1), (2) ഈ ഹാർബറിൽ നിന്നും കയറ്റുമതി ചെയ്യുന്ന മത്സ്യം സംബന്ധിച്ച കണക്കുകൾ ഈ വകുപ്പിൽ ലഭ്യമല്ല.<br><br>3) 2011 മെയ് മാസത്തിനുശേഷം പലതവണ ഹാർബറിൽ മണ്ണ് അ ടിഞ്ഞിട്ടുണ്ട്.<br><br>4) 42000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി 6/2012-ൽ ഭരണാനുമതി നൽകിയ തുപ്രകാരം ദർഘാസ് ക്ഷണിച്ച് മണൽ നീക്കം ചെയ്യുകയുണ്ട ായി. വീണ്ടും ക്രമാതീതമായി മണ്ണടിഞ്ഞതിനാൽ 92000 ക്യൂബിക്ക് മീറ്റർ മണൽ നീക്കം ചെയ്യുന്നതിനായി ദർഘാസ് ക്ഷണിച്ച് ഇപ്പോൾ ട്രാവൻകൂർ സിമന്റ് ലിമിറ്റഡ്, കോട്ടയം എന്ന സർക്കാർ സ്ഥാപനം മുഖാന്തിരം ഡ്രഡ്ജിംഗ് നടപ്പാക്കി വരുന്നു.<br><br>5) മണൽ അടിയുന്നതിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള പരിഹാരം കൂടി ഉൾക്കൊള്ളിച്ചാണ് CWPRS ഇപ്പോൾ പഠന റിപ്പോർട്ട് നൽ കിയിട്ടുള്ളത്. പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള തെക്കേ പുലിമുട്ട് 420 മീറ്റർ നീട്ടുന്നതിനും ഇപ്പോഴുള്ള വടക്കേ പുലിമുട്ടിന് സമാന്തരമായി 300 മീറ്റർ അകലത്തിൽ 436 മീറ്റർ നീളത്തിൽ മറ്റൊരു പുലിമുട്ടു കൂടി നിർമ്മിക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ